**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1833** **15-03-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂരിലെ ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഗ്രാമപ്രദേശങ്ങളിലേക്ക് കോവിഡ് നിയന്ത്രണങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നടത്തിയിരുന്ന ഓർഡിനറി ബസ് സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഗ്രാമപ്രദേശങ്ങളിലേക്ക് കോവിഡ് നിയന്ത്രണങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് വരെ 7 ഓർഡിനറി ബസ് സർവ്വീസ് നടത്തിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. 05.50 ഓയൂർ 2. 07.40 നടയ്ക്കൽ 3. 07.50 ചിറക്കര 4. 06.30 മരക്കുളം 5. 07.30 പരവൂർ 6. 07.20 അപ്പൂപ്പൻക്കാവ് 7. 06.30 പനയം |
| (ബി) | കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കിയതിനെ തുടർന്ന് മുൻപുണ്ടായിരുന്ന മുഴുവൻ ബസ് സർവ്വീസുകളും പുനരാരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും വിശദമാക്കാമോ; | (ബി) | കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കിയതിനെ തുടർന്ന് മുമ്പുണ്ടായിരുന്ന മുഴുവൻ ബസ് സർവ്വീസുകളും പുനരാരംഭിച്ചിട്ടില്ല. എന്നാൽ 07.50 ചിറക്കര, 06.30 മരക്കുളം, 07.30പരവൂർ എന്നിവ പുനരാരംഭിച്ചിട്ടുണ്ട്. പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ KSRTC പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമ പ്രദേശങ്ങളിലുൾപ്പെടെ സർവ്വീസ് നടത്തുവാനും നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ചാത്തന്നൂർ മണ്ഡലത്തിലെ ഗ്രാമപ്രദേശവാസികൾ നിലവിൽ നേരിടുന്ന യാത്രാ ദുരിതം പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കിയതിനെ തുടർന്ന് മുമ്പുണ്ടായിരുന്ന മുഴുവൻ ബസ് സർവ്വീസുകളും പുനരാരംഭിച്ചിട്ടില്ല. എന്നാൽ 07.50 ചിറക്കര, 06.30 മരക്കുളം, 07.30പരവൂർ എന്നിവ പുനരാരംഭിച്ചിട്ടുണ്ട്. പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ KSRTC പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | ഗ്രാമപ്രദേശങ്ങളിലുൾപ്പടെ സർവ്വീസ് നടത്തുവാനും നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ